No. CEE/5454/2018/KEAM-2019/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്
# KEAM-2019

## എം.ബി.ബി.എസ്,എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി കോഴ്സുകളിലേയ്ക്കുള്ള അഡ്മിഷൻ തീയതി ദീർഘിപ്പിച്ചു
## വിദ്യാർത്ഥികളുടെ ശ്രദ്ധയ്ക്ക്

2019 വർഷത്തെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിൽ സർക്കാർ/എയ്ഡഡ് കോളേജുകളിലും ശ്രീ. ചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് പാപ്പനംകോട്, യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് തൊടുപുഴ, കാലിക്കറ്റ് യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി തേഞ്ഞിപ്പാലം എന്നീ കോളേജുകളിലുമായി ഓൺലൈൻ മോപ്–അപ് വഴി അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളിൽ കോളേജുകളിൽ എത്തി പ്രവേശനം നേടാൻ കഴിയാത്തവർക്ക് അതിനുള്ള സമയം 09.08.2019 ൽ നിന്നും 13.08.2019 വൈകുന്നേരം 3.00 മണി വരെയായി ദീർഘിപ്പിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് 13.08.2019 വൈകുന്നേരം 3.00 മണിയ്ക്കകം കേളേജുകളിൽ മതിയായ രേഖകൾ സഹിതം എത്തി പ്രവേശനം നേടാവുന്നതാണ്.

2019 വർഷത്തെ എം.ബി.ബി.എസ് കോഴ്സിൽ മോപ്–അപ് കൗൺസലിംഗ് മുഖേന അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട കോളേജുകളിൽ രേഖകൾ സമർപ്പിക്കുന്നതിന് നിലവിലുള്ള പ്രതികൂല കാലാവസ്ഥയുടെ പശ്ചാത്തലത്തിൽ ആവശ്യമായ സമയം അനുവദിക്കണമെന്ന് കോളേജ് പ്രിൻസിപ്പാൾമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഹെൽപ്പ് ലൈൻ നമ്പരുകൾ**: 0471 2339101, 2339102, 2339103, 2339104, 2332123

Seetha

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
09.08.2019